# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 230** — **28/01/2019-ൽ മറുപടിക്ക്**

## എച്ച്1 എൻ1 പനി പടരാതിരിക്കാൻ സ്വീകരിച്ച നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.മുരളീധരൻ** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** സംസ്ഥാനത്ത് എച്ച്1 എൻ1 പനി പടർന്നുപിടിക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** ഉണ്ട്. എന്നാൽ വ്യാപകമായി പടർന്നു പിടിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. മറ്റ് സംസ്ഥാനങ്ങളിൽ എച്ച്1 എൻ1 പനി ബാധിതരുടെ എണ്ണം കൂടിയതിനോടനുബന്ധിച്ച് ആഗസ്റ്റ് മാസം മുതൽ എച്ച്1 എൻ1 പനിബാധിതരുടെ എണ്ണം വർദ്ധിക്കുകയും നവംബറിനു ശേഷം കുറയുകയും ചെയ്തു. |
| **ബി)** എങ്കിൽ എച്ച്1 എൻ1 പനി പടർന്നു പിടിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ; | **ബി)** ഇതര സംസ്ഥാനങ്ങളിൽ ഈ രോഗം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ കേരളത്തിലും വേണ്ട ജാഗ്രത പുലർത്തുവാനും രോഗനിരീക്ഷണം, ചികിത്സാബോധവത്ക്കരണം, നിയന്ത്രണം തുടങ്ങിയവ കാര്യക്ഷമമാക്കുവാനും ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നിർദ്ദേശം നൽകി, അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>ജില്ലാ സർവൈലൻസ് ആഫീസർമാരുടെ മേൽനോട്ടത്തിൽ എച്ച്1 എൻ1 പനി സംശയിക്കുന്നവരുടെ തൊണ്ടയിലെ സ്രവം പരിശോധനയ്ക്ക് അയയ്ക്കുകയും രോഗം സ്ഥിരീകരിക്കുകയും എ.ബി.സി ഗൈഡ് ലൈൻ പ്രകാരം ശരിയായ ചികിത്സ നൽകുകയും ചെയ്യുന്നു. എം.സി.വി.ആർ-ലും ആലപ്പുഴ എൻ.ഐ.വി യൂണിറ്റിലും രോഗം സ്ഥിരീകരിക്കുന്നതിനുള്ള സംവിധാനമുണ്ട്.<br>എച്ച് 1 എൻ 1 -നുള്ള അംഗീകൃത ചികിത്സാമാർഗ്ഗരേഖ സർക്കാർ സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br>എച്ച് 1 എൻ 1 ചികിത്സയ്ക്കുള്ള ഒസൾട്ടാമിവിർ തുടങ്ങിയ മരുന്നുകൾ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സ്വകാര്യ |

ആശുപത്രികളിലും മെഡിക്കൽ ഷോപ്പുകളിലും ഇവ ലഭ്യമാണ്. ജനങ്ങൾ പാലിക്കേണ്ട പ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റിയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ എഫ്.എം.റേഡിയോ വഴിയും മറ്റ് പത്ര-ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിലൂടെയും നൽകിവരുന്നു. പൊതുജനാരോഗ്യ വിഭാഗം എച്ച്1 എൻ1-ന്റെ ദിവസേനയുള്ള വിവരശേഖരണവും അവലോകനവും നടത്തിവരുന്നു.

| | | | |
|---|---|---|---|
| സി) | കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്ര പേരാണ് എച്ച്1 എൻ1 പനി ബാധിച്ച് ചികിത്സ തേടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സി) | 2018 ജൂലൈ മുതൽ ഡിസംബർ വരെ 789 പേർ എച്ച്1 എൻ1-ന് ചികിത്സ തേടിയതായി സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ